**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2050** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റ്റി.പി .രാമകൃഷ്ണൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ 2016 മുതൽ 2021 വരെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി ഏതൊക്കെ കോളനികൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികജാതി കോളനികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. ക്രമ നം. കോളനിയുടെ പേര് അനുവദിച്ച തുക 1. നരിമഞ്ചക്കൽ കോളനി, ചങ്ങരോത്ത് 26,64,254/-രൂപ 2 മോയോർകുന്ന് കോളനി, കൂത്താളി 21,89,982/-രൂപ 3 വലിയപറമ്പ് കോളനി, നൊച്ചാട് 1,00,000/-രൂപ നരേന്ദ്രദേവ്, ആലംപാറ പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി 41,31,651/-രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഓരോ പ്രവൃത്തിയുടെയും പുരോഗതി വ്യക്തമാക്കാമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഏതെങ്കിലും സർക്കാർ ഏജൻസികളാണോ ഈ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നതെന്നും പ്രസ്തുത ഏജൻസികൾ തന്നെയാണോ പ്രവൃത്തി ചെയ്യിക്കുന്നതെന്നും വ്യക്തമാക്കാമോ; | (സി) | സർക്കാർ ഏജൻസിയുമായിട്ടാണ് പട്ടികജാതി വികസന വകുപ്പ് കരാർ വെക്കുന്നത്. പ്രസ്തുത ഏജൻസികൾ തന്നെയാണ് പ്രവർത്തികൾ ചെയ്യുന്നത്. അക്രഡിറ്റഡ് നോൺ ഗവൺമെന്റൽ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിരിക്കുന്നത്. ടി ഏജൻസി തന്നെയാണ് പ്രവൃത്തി നിർവ്വഹിച്ചത്. |
| (ഡി) | പ്രസ്തുത ഏജൻസികൾ തൃപ്തികരമായ രീതിയിൽ പ്രവൃത്തികൾ ചെയ്യിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇടനിലക്കാരായ ഇത്തരം ഏജൻസികളെ ഒഴിവാക്കി പ്രവൃത്തികൾ നേരിട്ട് ടെണ്ടർ ചെയ്യുന്ന സംവിധാനത്തിലേക്ക് മാറ്റുമോ? | (ഡി) | പട്ടികവർഗ്ഗ കോളനികളിലെ എല്ലാ പ്രവൃത്തികളും ഏജൻസികൾ തൃപ്തികരമായ രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഏജൻസികൾ കാലതാമസം വരുത്തുന്നുണ്ട്. പട്ടികജാതി വകുപ്പിന് എഞ്ചിനീയറിംഗ് വിഭാഗം ഇല്ലാത്തതിനാൽ നേരിട്ട് ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പിലാക്കുന്നതിന് കഴിയില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പട്ടികജാതി കോളനികൾ

### 1. നരിമഞ്ചക്കൽ കോളനി

വീട് പുനരുദ്ധാരണം 11 എണ്ണത്തിൽ 10 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. കോൺക്രീറ്റ് റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കിണർ നിർമ്മാണം, വാട്ടർ ടാങ്ക് നിർമ്മാണം, വിജ്ഞാൻവാടി നിർമ്മാണം എന്നീ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. പമ്പ് ഹൗസ് നിർമ്മാണം, പൈപ്പ് ലൈൻ പ്രവൃത്തി, സാംസ്കാരികനിലയം എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

### 2. മോയോർക്കുന്ന് കോളനി

വീട് പുനരുദ്ധാരണം 12 എണ്ണത്തിൽ 8 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ഫുട്പാത്ത് കോൺക്രീറ്റ് ഭാഗികമായി ചെയ്തിട്ടുണ്ട്. സാംസ്കാരികനിലയം നിർമ്മാണം, കുടിവെള്ള കണക്ഷൻ എന്നീ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

### 3. വലിയപറമ്പ് കോളനി

വീട് പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിക്കുന്നു. പൊതുവായ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

## പട്ടികവർഗ്ഗ കോളനികൾ

### 1. നരേന്ദ്രദേവ് കോളനി

ഭവനനിർമ്മാണം (10 എണ്ണം), ഇലക്ട്രിക്കൽ വർക്ക്, പബ്ലിക്ക് ഹെൽത്ത്, എഞ്ചിനീയറിംഗ് വർക്ക്സ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു.

### 2. ആലംപാറ കോളനി

ഭവനപുനരുദ്ധാരണം, റോഡ്, ഇലക്ട്രിക്കൽ വർക്ക്, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വർക്ക് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു.

സെക്ഷൻ ഓഫീസർ